# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 84

08.02.2016 ലെ മറുപടിയ്ക്ക്

<u>അധിവർഷം കാരണമുള്ള അധിക ദിനങ്ങൾ സർവ്വീസായി പരിഗണിക്കുന്നത് സംബന്ധിച്ച്</u>

**ചോദ്യം** — ശ്രീ. സാജുപോൾ, എം.എൽ.എ

**ഉത്തരം** — ശ്രീ. ഉമ്മൻ ചാണ്ടി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അധിവർഷം കാരണമുള്ള അധികദിനങ്ങൾ സർവ്വീസായി പരിഗണിക്കണമെന്നുള്ള ഹൈക്കോടതി നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ? ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നല്കാമോ? | ശ്രീ.എം.വി.മത്തായി ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.10405 of 2009(u) കേസിൽ 22-09-2015 തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരന്റെ യോഗ്യ സേവനകാലം അധിവർഷം കാരണം അധികമായി വരുന്ന 6 ദിവസങ്ങൾ കൂടി ചേർത്ത് പുനർനിർണ്ണയം ചെയ്യണം എന്ന ഉത്തരവ് പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത വിധി നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്ക് എതിരായതിനാലും കേസിൽ ധനവകുപ്പിനെ കക്ഷി ചേർത്തിട്ടില്ലാത്തതിനാലും ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ കേസിലെ ഒന്നാം എതിർകക്ഷിയായ കേരള അക്കൗണ്ടന്റ് ജനറൽ (എ & ഇ) യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| ബി | പെരുമ്പാവൂർ കുവപ്പടി ഗണപതിവിലാസം ഹൈസ്കൂളിൽ നിന്നും വിരമിച്ച അധ്യാപകൻ ശ്രീ.എം.വി.മത്തായിക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ പുനർനിർണ്ണയിക്കാനാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്? | പെൻഷൻ, ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും പുനർനിർണ്ണയിക്കണം എന്നാണ് ഹൈക്കോടതി ഉത്തരവിട്ടത് |
| സി | 81027/2015/പെൻഷൻ-ബി/ ഫിനാൻസ് നമ്പർ ഫയൽ പരിശോധിച്ച് ധനകാര്യ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ? വിശദാംശം നല്കാമോ? | തീരുമാനം എടുത്തിട്ടുണ്ട്. WP(C)No. 10405/2009 എന്ന കേസിലെ ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ അക്കൗണ്ടന്റ് ജനറൽ ധനവകുപ്പിന്റെ അഭിപ്രായമാരാഞ്ഞ പ്രസ്തുത ഫയലിൻമേൽ, കോടതി ഉത്തരവ് നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്ക് എതിരാകയാൽ അപ്പീൽ ഫയൽ ചെയ്യണം എന്ന് അക്കൗണ്ടന്റ് ജനറലിന് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പിനെ കൂടി പ്രസ്തുത കേസിൽ കക്ഷി ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഡി | എല്ലാ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പ്രസ്തുത ആനുകൂല്യം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് എതിരാകയാൽ മേൽക്കോടതിയിൽ നിന്ന് അന്തിമവിധി വരുന്നത് വരെ ഇക്കാര്യം പരിശോധിക്കുവാൻ കഴിയില്ല. |

**സെക്ഷൻ ഓഫീസർ**